# ലോകബാങ്ക് സമ്മേളനം ഇന്ത്യയിലും പ്രതിഷേധ പ്രകടനങ്ങൾ

ചെക്കോസ്ലോവാക്യയുടെ തലസ്ഥാനമായ പ്രേഗിൽ വെച്ച് നടന്ന ഐ.എം.എഫ് - ലോകബാങ്ക് സമ്മേളനത്തിനെതിരെ വ്യത്യസ്ത സംഘടനകളുടെ പ്രതീകാത്മക പ്രതിഷേധ പ്രകടനങ്ങൾ മുംബെയിലും ഡൽഹിയിലും വച്ച് സെപ്തംബർ-26ന് നടന്നു. മുംബെയിൽ പതിനായിരക്കണക്കിന് മിൽ തൊഴിലാളികൾ ജോലിചെയ്തിരുന്ന തുണി മില്ലുകൾ അടച്ചുപൂട്ടി വമ്പൻ ഷോപ്പിങ്ങ് കോംപ്ലക്സുകൾ സ്ഥാപിച്ച സൗത്ത് ബോം

ബെയിലെ ഷോപ്പിങ്ങ് ഹാളിനു പുറത്തായിരുന്നു പ്രകടനം. മാക് ഡൊണാൾസിന്റെ ഹോട്ടലിനെ കേന്ദ്രീകരിച്ച് പ്രകടനക്കാർ "വൃത്തികെട്ട മാക് തിരിച്ച് പോവുക, ഞങ്ങൾക്ക് ആഹാരമാണ് വേണ്ടത് ബർഗർ അല്ല. ഞങ്ങൾക്ക് വെള്ളമാണ് വേണ്ടത് പെപ്സിയല്ല" തുടങ്ങിയ മുദ്രവാക്യങ്ങൾ മുഴക്കി നപാമിന്റെ കോഡിനേറ്ററായ സഞ്ചയ് അവിടെ ഉയർന്നു വരാൻ പോവുന്ന മറൈൻ എക്സ്പ്രസ്സ്‌വേയെ ചൂണ്ടിക്കാണിച്ച് കൊണ്ട് ഗവൺമെന്റിന്റെ ആസൂത്രണ വികസന നയങ്ങളെ വിമർശിച്ചു. വെറും 10 ശതമാനം ജനങ്ങൾക്ക് മാത്രം ഉപയോഗപ്രദമായ എക്സ്പ്രസ്സ് വേക്ക് 3000 കോടി മുടക്കുന്ന ആസൂത്രണം അവിടെയുള്ള മത്സ്യതൊഴിലാളികളെ, ആ സ്ഥലമുപയോഗിക്കുന്ന ആയിരക്കണക്കിന് സാധാരണ ജനങ്ങളെ എത്ര വിനാശകരമായാണ് ബാധിക്കുക എന്നത് അദ്ദേഹം ചൂണ്ടിക്കാട്ടി.

വിവിധ പരിസ്ഥിതി സംഘടനകളുടെ, സാമൂഹ്യപ്രവർത്തകർ യുവസംഘടനകൾ, തൊഴിലിസംഘടനകൾ, മനുഷ്യാവകാശപ്രവർത്തകർ എന്നിവർ പ്രകടനത്തിൽ പങ്കെടുത്തു. നാപാം, ശോഷിത് ജനആന്തോളൻ, യുവ, ഗിർഹി കാമഗാർ സംഘർഷ് സമിതി, മാനവ് മുക്തി മോർച്ച, രാഷ്ട്രീയ യുവസംഘടൻ,രാഷ്ട്രീയ മഹിമാർ സംഘടൻ, നർമദാ ബചാവോ ആന്തോളൻ, സർവ്വോദയ് മണ്ഡൽ, ഇന്ത്യാസെന്റർ ഫോർ ഹ്യൂമൻ റൈറ്റ്സ്, സചേതൻ ബഹുജൻ സേന, മഹാരാഷ്ട്ര മഹിമാർ കൃതി സമിതി, സമാജവാദി ജനപരിഷദ് തുടങ്ങിയവർ

പൊതുജനങ്ങളുമായി ഒത്തുചേർന്നുള്ള പ്രകടനം വളരെ സജീവമായിരുന്നു. പ്രദേശിക പോലീസിന്റെയടക്കം നിശ്ശബ്ദമായ പിന്തുണ പ്രകടനത്തിനുള്ളതായി തോന്നി. കുട്ടികൾ വളരെ ഉത്സാഹത്തോടെ പ്രകടനക്കാർ കൊടുത്ത പോവ(അവിലിന്റെ ഉപ്പുമാവ്)കഴിക്കുകയും സ്കൂളിൽ ചെന്ന് കൂട്ടുകാരോട് ഈ പ്രകടനത്തെ പറ്റി പറയാമെന്ന് ഏൽക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

ദൽഹിയിൽ ജാഗ്രതിമഹിളാ സമിതി, കിസ്'ല, നിർമാൺ മഞ്ജർ പഞ്ചായത്ത് സംഘം, ജോഹർ, നാഷണൽ അലയൻസ് ഓഫ് പ്യൂപ്പിൾസ് മൂവ്മെന്റ്മൊത്ത് ലോകബാങ്കിന്റെ ദില്ലി ഓഫീസിന്റെ മുന്നിൽ പ്രകടനം നടത്തി. ലോകബാങ്കിന്റെ ഗേറ്റുകളെ വ്യത്യസ്ത വഴികളിലൂടെ വന്ന് രണ്ടുമണിക്കൂർ നേരം തടസ്സപ്പെടുത്തി.

ലോകബാങ്കിന്റെ ഏജന്റുമാർ തുലയട്ടെ, ലോകബാങ്ക് ഇന്ത്യവിടുക തുടങ്ങിയ മുദ്രവാക്യങ്ങൾ അവർ മുഴക്കുന്നുണ്ടായിരുന്നു. ലോകബാങ്കിന്റെ ജനലുകളിലും ഗേറ്റുകളിലും ഈ മുദ്രവാക്യങ്ങളുടെ പോസ്റ്ററുകൾ ഒട്ടിച്ചിരുന്നു. നപാമിന്റെ ദേശീയ കൺവീനർ പ്രകടനക്കാരെ അഭിസംബോധന ചെയ്തു സംസാരിച്ചു സ്വകാര്യവല്ക്കരണത്തിലൂടെ ലോകബാങ്ക് പാശ്ചാത്യ രാജ്യങ്ങളുടെ ഏജന്റാവുകയാണെന്നും ജനങ്ങളുടെ സമരങ്ങൾക്ക് മാത്രമേ അതിനെ പ്രതിരോധിയ്ക്കാനാവൂ എന്നും അവർ പറഞ്ഞു. നർമദാ ബചാവോ ആന്തോളന്റെ അലോക് അഗർവാൾ ലോകബാങ്ക് പ്രോത്സാഹിപ്പിയ്ക്കുന്ന 'സ്വതന്ത്ര വ്യാപാര'ത്തെ അപലപിച്ചു.